മലയാള മനോരമ
08 January 2024

# ‘മറൈൻ ഫിഷറി ആക്ട് അനിവാര്യം’

## സമുദ്രമത്സ്യ വികസനം: നിർദേശങ്ങളുമായി സിഎംഎഫ്ആർഐ

കൊച്ചി • കേന്ദ്ര നിയമ നിർമാണം, സമുദ്ര സമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാ നിർണയം തുടങ്ങി സമുദ്രമത്സ്യ മേഖലയുടെ സുസ്ഥിര വികസനത്തിനുള്ള സമഗ്ര നിർദേശങ്ങളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). നിതി ആയോഗിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ദേശീയ ശിൽപശാലയുടെ ഭാഗമായുള്ള വികസന ചർച്ചയിലാണു സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ. ഗോപാലകൃഷ്ണൻ നിർദേശങ്ങൾ അവതരിപ്പിച്ചത്.

12 നോട്ടിക്കൽ മൈൽ പരിധിയിലുള്ള തീരക്കടലിന് അപ്പുറം ഇന്ത്യൻ സമുദ്രാതിർത്തിയിൽ മത്സ്യബന്ധനം നിയന്ത്രിക്കാൻ കേന്ദ്ര നിയമം (മറൈൻ ഫിഷറി ആക്ട്) അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.

സമുദ്ര സമ്പത്തിന്റെ ശാസ്ത്രീയ വംശസംഖ്യാ നിർണയം (സ്റ്റോക് അസസ്മെന്റ്) വ്യവസ്ഥാപിതമാക്കണം. ലോക വ്യാപാര സംഘടനയിലെ സബ്സിഡിയുമായി ബന്ധപ്പെട്ട ചർച്ചകളിലും മറ്റു രാജ്യാന്തര വ്യവഹാരങ്ങളിലും സമുദ്ര സമ്പത്തിന്റെ ആരോഗ്യാവസ്ഥ നിർണായകമാണെന്നതിനാൽ സ്റ്റോക് അസസ്മെന്റ് വ്യവസ്ഥാപിതമാക്കുന്നതിനു കേന്ദ്രസർക്കാർ മുൻകയ്യെടുക്കണം.

ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിൽ (ഐസിഎആർ) ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ജെ.കെ. ജെന ചർച്ചയിൽ മോഡറേറ്ററായി. നിതി ആയോഗ് അംഗം പ്രഫ. രമേശ് ചന്ദ്, നയരൂപീകരണ വിദഗ്ധർ, ഗവേഷകർ, വ്യവസായ പ്രമുഖർ, മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ തുടങ്ങിയവർ പങ്കെടുത്തു.